പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1303

11/06/2019-ൽ മറുപടിയ്ക്ക്

## സ്കൂളുകളെ ഹൈടെക് ആക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ യു. ആർ. പ്രദീപ് | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾ ഹൈടെക് തലത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എത്ര സ്കൂളുകളിൽ ക്ലാസ് മുറികൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു : ജില്ലതിരിച്ച് ഈ സ്കൂളുകളുടെ വിശദാംശം വ്യക്തമാക്കാമോ ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എട്ടു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി ഉപകരണങ്ങൾ വിതരണം ചെയ്തു 4751 സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി ക്ലാസ് റൂം നെറ്റ്‌വർക്കിംഗ് അവസാന ഘട്ടത്തിലാണ്. ഓരോ ജില്ലയിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു |

| | |
|---|---|
| തിരുവനന്തപുരം | 402 |
| കൊല്ലം | 384 |
| പത്തനംതിട്ട | 268 |
| ആലപ്പുഴ | 325 |
| കോട്ടയം | 383 |
| ഇടുക്കി | 240 |
| എറണാകുളം | 476 |
| തൃശ്ശൂർ | 442 |
| പാലക്കാട് | 323 |
| മലപ്പുറം | 406 |
| കോഴിക്കോട് | 363 |

| | |
|---|---|
| വയനാട് | 155 |
| കണ്ണൂർ | 341 |
| കാസറഗോഡ് | 244 |

(ബി) ഭരണാനുമതി നൽകിയ സ്കൂളുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

(ബി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച രീതിയിൽ പുരോഗമിക്കുന്നില്ല എന്ന് കണ്ട സ്കൂളുകളുടെ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള അഞ്ച് കരാറുകാരുടെ യോഗം വിളിക്കുകയും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പുതുക്കിയ ഷെഡ്യൂൾ തയ്യാറാക്കുകയും ചെയ്തു. ആ ഷെഡ്യൂൾ അനുസരിച്ചുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കിയില്ലെങ്കിൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് ഈ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്.

Namitha.T

**സെക്ഷൻ ഓഫീസർ**